(എ) കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ ഏതെല്ലാം ജോലി ഒഴിവുകളിലേക്ക് പി.എസ്.സി. മുഖേന റിക്രൂട്ട്മെൻറ് നടത്തുന്നുണ്ട്;

(ബി) നേരിട്ടു നടത്തുന്ന നിയമനങ്ങൾ ഏതെല്ലാം;

(സി) എല്ലാ ഒഴിവുകളും പി.എസ്.സി. മുഖേന നികത്താൻ, എന്തെങ്കിലും പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എന്തെന്നു വ്യക്തമാക്കുമോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act 1970 അനുസരിച്ച് വർക്കേഴ്സ് തസ്തികയും 700 രൂപയ്ക്കു മേൽ അടിസ്ഥാന ശമ്പളമുള്ള തസ്തികകളും ഒഴിച്ചുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേനയാണ് നടത്തുന്നത്.

(ബി) 700 രൂപയിൽ കൂടുതൽ അടിസ്ഥാനശമ്പളമുള്ള തസ്തികകളിലേക്കും വർക്കേഴ്സ് തസ്തികകളിലേക്കുമുള്ള നിയമനങ്ങൾ.

(സി) ഇല്ല.

(ഡി) സി യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

പനകയറ്റ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

* 493 [520] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പനകയറ്റ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പനകയറ്റ തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്തുന്നതിന് എന്തു നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്;

(സി) പനയിൽനിന്നും വീണ് മരണം സംഭവിക്കുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് എത്ര രൂപയാണ് നഷ്ടപരിഹാരം നൽകുന്നത്;

(ഡി) പ്രസ്തുത നഷ്ടപരിഹാരം 5000 രൂപയായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പനകയറ്റതൊഴിലാളികൾക്കുവേണ്ടി ഒരു വെൽഫയർ ഫണ്ട് രൂപീകരിക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പനയിലും, തെങ്ങിലും, കമുകിലും കയറുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി ഒരു ക്ഷേമ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയുടെ കരടു രൂപം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഇക്കാര്യത്തിൽ സർക്കാർ അവസാന തീരുമാനം എടുത്തിട്ടില്ല.

(ഡി) ക്ഷേമപദ്ധതിയുടെ വിവിധ വശങ്ങളും പരിശോധനയിലാണ്. അതോടൊപ്പം ഈ നിർദ്ദേശവും പരിഗണിക്കാം.

(ഇ) ഇക്കാര്യം (ബി) വിഭാഗത്തിന്റെ മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

* 494 [521] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ചില വൻകിട വ്യവസായികളും വ്യവസായങ്ങളും തുടങ്ങുവാൻവേണ്ടി ഏറെടുക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വൻകിട വ്യവസായികൾക്ക് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ മുറികൾ കൊടുക്കുന്നതു കാരണം ചെറുകിട വ്യവസായികൾക്ക് മുറികൾ കിട്ടാതിരിക്കുന്ന സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനായി, എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ.പി.എസ്. ശ്രീനിവാസൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സ്വകാര്യ വനഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം

* 495 [523] ശ്രീ. പി.ആർ. കുറുപ്പ്:

,, എൻ.ഐ. ദേവസ്സിക്കുട്ടി:

,, കെ. രാഘവൻ മാസ്റ്റർ:

,, ഈ. നാരായണൻ നായർ:

,, എം.പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഏറെടുത്ത സ്വകാര്യ വനഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്കു സ്വകാര്യ വനഭൂമി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly